I/276038/2022

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം
ഫോൺ : 0471-2302722
Email: industriesdirectorate@gmail.com
തീയതി: 06-10-2022

**<u>സർക്കുലർ</u>**

വിഷയം: - വ്യവസായം - ജീവനക്കാര്യം - ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) സ.ഉ (സാധാ) നം. 3113/2021/പൊ.ഭ.വ തീയതി 18.08.20212
2) ഈ ഓഫീസിലെ 08.10.2021, 29.12.2021, 28.01.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സർക്കാർ ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി 2021 സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.റ്റി. സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദേശം നൽകികൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിൻ പ്രകാരം വകുപ്പിലെ ജീവനക്കാർക്ക് നിർദേശം നൽകികൊണ്ട് സൂചന (2) പ്രകാരം സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇനിയും SCORE ൽ രജിസ്റ്റർ ചെയ്യാത്ത ജീവനക്കാർ വകുപ്പിൽ ഉള്ളതായി കാണുന്നു. DPC ചേരുന്ന വേളയിൽ സമയബന്ധിതമായി CR കൾ സമർപ്പിക്കാത്ത ജീവനക്കാരെ യാതൊരു കാരണവശാലും DPC യിൽ ഉൾപ്പെടുത്തുന്നതല്ല. റിപ്പോർട്ടിങ് ഓഫീസർമാർ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ റിവ്യൂയിങ് ഓഫീസർമാർക്ക് സമയബന്ധിതമായി നൽകാതെ വൈകിപ്പിക്കുന്നത് സംബന്ധിച്ചുള്ള പരാതികളിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. CR സമർപ്പിക്കുന്നത് സംബന്ധിച്ച് മേലിൽ യാതൊരറിയിപ്പും ജീവനക്കാർക്ക് നല്കുന്നതായിരിക്കില്ല. ആയതിനാൽ CR സമർപ്പിക്കേണ്ട ജീവനക്കാർ CR കൾ സമയബന്ധിതമായി SCORE മുഖേന സമർപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന ജീവനക്കാരെ DPC യിൽ ഉൾപ്പെടുത്തുന്നതല്ല. അങ്ങനെ സംഭവിക്കുന്നപക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ടി ജീവനക്കാർക്ക് മാത്രമായിരിക്കും എന്ന് അറിയിച്ചുകൊള്ളുന്നു. CR സമർപ്പിക്കേണ്ട എല്ലാ ജീവനക്കാർക്കും സർക്കുലറിന്റെ പകർപ്പ് നൽകി കൈപ്പറ്റു രസീത് വാങ്ങി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ ആയതു കണ്ടു ബോധ്യപ്പെട്ട വിവരം നിയന്ത്രണ അധികാരികൾ 7 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ് : 1) ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്

I/276038/2022

2) ജനറൽ മാനേജർ, (എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും)
3) ഉപജില്ലാ വ്യവസായ ഓഫീസർ (എല്ലാ ഉപജില്ലാ വ്യവസായ ഓഫീസുകളും)
4) ഡെപ്യൂട്ടി ഡയറക്ടർ, CFSC ചങ്ങനാശ്ശേരി
5) അസ്സിസ്സ്റ്റന്റ് ഡയറക്ടർ, CFSC മഞ്ചേരി
6) വ്യവസായ വാണിജ്യ ഡയരക്ടറേറ്റിലെ ബന്ധപ്പെട്ട ജീവനക്കാർ

-----------

**Signed by Mini T R**
**Date: 06-10-2022 11:56:01**